## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3469** **12/12/2014** ൽ മറുപടിയ്ക്ക്

### ജൈവകൃഷി വ്യാപകമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| മനുഷ്യർക്ക് ഹാനികരമല്ലാത്ത വിധം കീടങ്ങളെ നശിപ്പിക്കുന്ന സാങ്കേതികവിദ്യകളും ജൈവകീടനാശിനികളുടെ പ്രചാരണവും കർഷകരിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | കീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതിനും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, ബോധവത്കരണ ക്യാംപെയ്നുകൾ എന്നിവ വഴി കീടനാശിനികളുടെ സുരക്ഷിത ഉപയോഗം, സംയോജിത കീടനിയന്ത്രണം, ജൈവകീട നാശിനികൾ, ജൈവിക നിയന്ത്രണോപാധികൾ എന്നിവയെ കുറിച്ച് കർഷകർക്ക് ബോധവത്ക്കരണം നടത്തിവരുന്നു. ജൈവകൃഷി ഘട്ടം ഘട്ടമായി എല്ലാ ജില്ലയിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തന ങ്ങളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന് കീഴിലുള്ള പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മണ്ണുത്തിയിലെ സ്റ്റേറ്റ് ബയോകൺട്രോൾ ലാബ് എന്നിവ മുഖേന കീടരോഗ നിയന്ത്രണത്തിനുള്ള എതിർ പ്രാണികളെയും ജൈവിക നിയന്ത്രണോ പാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ്, ബ്യൂവേറിയ എന്നിവയും ഉല്പാദിപ്പിച്ച് ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ വിള ആരോഗ്യ പരിപാലനം മുഖ്യവിഷയമായി ജില്ലാതലത്തിൽ പ്രസിദ്ധീകരിക്കുന്ന ന്യൂസ് ബുള്ളറ്റിനുകൾ മുഖാന്തിരം ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളെ ക്കുറിച്ചും നൂതന സാങ്കേതിക വിദ്യകളും പ്രചരിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ